**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

**<u>ഹരിപ്പാട് മണ്ഡലത്തിലെ</u>**

**<u>പി.എം.ജി.എസ്. വൈ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1678 — 06-03-2017-ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഹൈബി ഈഡൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും നിലവിൽ നിർമ്മാണം പുരോഗമിക്കുന്നതുമായ റോഡുകളുടെ വിശദാംശം നൽകുമോ; | (എ) | വിശദവിവരം ചുവടെ ചേർക്കുന്നു (താഴെ പട്ടിക കാണുക) |
| (ബി) | ഹരിപ്പാട് മുൻസിപ്പൽ അതിർത്തിയിലൂടെ കടന്ന് പള്ളിപ്പാട് പഞ്ചായത്തിൽ അവസാനിക്കുന്ന പ്രതിമുഖം-ചൂരല്ലാക്കൽ റോഡിന്റെ നിർവ്വഹണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ; | (ബി) | പ്രതിമുഖം-ചൂരല്ലാക്കൽ റോഡിന് സംരക്ഷണ ഭിത്തി കെട്ടുന്നതിന് എസ്റ്റിമേറ്റിൽ വകകൊള്ളിച്ചിരുന്നില്ല. ഇതുംകൂടി ചേർത്തുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പി.എം.ജി.എസ്.വൈ. റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള കാലതാമസം ഒഴിവാക്കി നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | നടപടി സ്വീകരിക്കുന്നതാണ്. |

(എ) വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നം. | റോഡിന്റെ പേര് | റോഡുകളുടെ വിശദാംശം |
|---|---|---|
| 1 | KR-01-56 പവ്വർഹൗസ് ഹസ്കപുരം റോഡ് | ഈ റോഡിന്റെ പണി 2017 ഏപ്രിൽ മാസത്തോടെ പൂർത്തിയാക്കാനാകുമെന്ന് കരുതുന്നു. |
| 2 | KR-01-55 കരീപ്പുഴ വെസ്റ്റ് കോട്ടക്കയം ഈസ്റ്റ് റോഡ് | ഈ റോഡിന്റെ G2 മെറ്റലിംഗ് വരെ പൂർത്തിയാക്കിയിട്ടുണ്ട്. 2017 മെയ് മാസത്തോടെ പണി പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു. |
| 3 | KR-01-12 പ്രതിമുഖം-ചൂരല്ലാക്കൽ റോഡ് | പാടത്തിന്റെ നടുവിലൂടെ പോകുന്ന റോഡ് മണ്ണിട്ടുയർത്തി ടാർ ചെയ്യാനാണ് PMGSY പദ്ധതി. മണ്ണ് ഫില്ല് ചെയ്യുന്നതിന് പാർശ്വഭിത്തി കെട്ടേണ്ടതുള്ളതിനാൽ ഇതുകൂടി ചേർത്തുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. |

**സെക്ഷൻ ഓഫീസർ**